ഉത്തരം

(എ) 24-11-2004-ലെ ജി. ഒ. (എം എസ്.) 349/04/റവന്യൂ വകുപ്പ് പ്രകാരം തിരുവനന്തപുരത്ത് കുടപ്പനക്കുന്ന് ആസ്ഥാനമാക്കി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിലേയ്ക്കായി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കുടപ്പനക്കുന്ന് പൗൾട്രിഫാം കോമ്പൗണ്ടിൽ നിന്ന് 10 ഏക്കറോളം സ്ഥലം അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രിലിമിനറി സർവ്വെ കഴിഞ്ഞ് ആർക്കിടെക്ചറൽ പ്ലാൻ തയ്യാറാക്കി എസ്റ്റിമേറ്റുണ്ടാക്കി പണി തുടങ്ങുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉദ്ദേശം 67-ഓളം ഓഫീസുകൾ സിവിൽ സ്റ്റേഷനിലേക്ക് മാറ്റാനാണ് ഉദ്ദേശിക്കുന്നത്.

(സി) പരിശോധിക്കാവുന്നതാണ്.

(ഡി) ഇക്കാര്യം പരിഗണനയിലുണ്ട്.

(ഇ) യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി പേരൂർക്കട മണ്ണന്തല റോഡ് വഴയില കിഴക്കേമുക്കോല റോഡ് എന്നിവ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്) ആദ്യഘട്ട നിർമ്മാണ പ്രവർത്തനത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

വെഞ്ഞാറമ്മൂട് ജംഗ്ഷൻ വികസന പദ്ധതി

56 [654] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള റോഡ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള എം. സി. റോഡിലെ തൈയ്ക്കാട് മുതലുള്ള റോഡിൽ വെഞ്ഞാറമ്മൂട് ജംഗ്ഷന്റെ വികസനത്തിനായി വിശദമായ ഒരു പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്ലാനിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ മാറ്റം വരുത്തിയ പ്ലാൻ ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ വെഞ്ഞാറമ്മൂട് ജംഗ്ഷന്റെ പ്രാധാന്യം കണക്കിലെടുത്ത് ജംഗ്ഷന്റെ വികസനത്തിനാവശ്യമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ;

(ഡി) വെഞ്ഞാറമ്മൂട് ജംഗ്ഷന്റെ കിഴക്കുഭാഗത്ത് എം. സി. റോഡരികിലെ പുറമ്പോക്കു ഭൂമി സ്വകാര്യവ്യക്തികൾ കൈവശം വച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ആ ഭൂമി റോഡു വികസനത്തിനായി ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വെഞ്ഞാറമ്മൂട് ജംഗ്ഷനിൽ റോഡു വികസനത്തിനായി പൊന്നുംവില കൊടുത്ത് ഏറ്റെടുത്ത ഭൂമിയിൽ സ്വകാര്യവ്യക്തികൾ കൈവശംവച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ ആ വസ്തു റോഡുവികസനത്തിനായി ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്. †

(ബി) പ്ലാനിൽ മാറ്റം വരുത്തിയിട്ടില്ല.

(സി) വിശദമായ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

(ഡി)യും (ഇ)യും സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ള പുറമ്പോക്ക് ഭൂമി റോഡുവികസനത്തിനായി ഏറ്റെടുക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) നടപടികൾ സ്വീകരിച്ചുവരുന്നു.

കെ. എസ്. ടി. പി. പദ്ധതിയിൽ ഉൾപ്പെട്ട വെഞ്ഞാറമ്മൂട് ഭാഗത്തെ സ്ഥലമെടുപ്പ്

57 [655] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ടി. പി. (കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്)യിൽ ഉൾപ്പെടുത്തി എം. സി. റോഡിലെ തൈക്കാട് മുതൽ നടപ്പാക്കുന്ന വികസന പദ്ധതിയിൽ ഉൾപ്പെട്ട വെഞ്ഞാറമ്മൂട് ഭാഗത്തെ സ്ഥലമെടുപ്പ് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) എങ്കിൽ അവ പരിശോധിച്ച് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) എല്ലാ പരാതികളും പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly